# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1371 13.12.2012 - ൽ മറുപടിയ്ക്ക്**

**കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. ഡോ. കെ. ടി. ജലീൽ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് , റോഡും പാലവും ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ നേരിട്ട് ഏല്പിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളിൽ ; | (എ) കേരള സർക്കാരിന്റെ കീഴിലുള്ള അർദ്ധ സർക്കാർ സ്ഥാപനമായ കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാർ നിലവിൽ നിശ്ചയിച്ചിട്ടുള്ള കൺസൾട്ടൻസി വ്യവസ്ഥകൾക്കു വിധേയമായിട്ടാണ് പ്രവൃത്തികൾ ഏൽപ്പിക്കുന്നത്. |
| (ബി) കോർപ്പറേഷന് നിർമ്മാണ രംഗത്ത് ആവശ്യമായ ആധുനിക യന്ത്ര സാമഗ്രികളും, തൊഴിൽ സേനയും നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പ്രവൃത്തികൾക്ക് കോർപ്പറേഷൻ ഈടാക്കുന്ന ഫീസ് എത്ര ശതമാനമാണ് ; | (ബി) ഇല്ല, എന്നിരുന്നാലും ആവശ്യമായ യന്ത്രസാമഗ്രികളും തൊഴിൽ സേനയുമുള്ള കരാറുകാരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ച് സർക്കാർ അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവർത്തികൾ നടത്തുന്നത്. സർക്കാർ ഉത്തരവ് ജി.ഒ.(പി). 408/2007/ഫിൻ തീയതി 07.09.2007 പ്രകാരം 50 ലക്ഷം രുപ വരെയുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് 8%, 50 ലക്ഷം മുതൽ 3 കോടി വരെ 7%, 3 കോടി മുതൽ 5 കോടി വരെ 6%, 5 കോടിയ്ക്ക് മുകളിൽ 5% ആണ് കൺസൾട്ടൻസി ഫീസ് ഈടാക്കുന്നത്. |
| (സി) നിർമ്മാണപ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് നേരിട്ട് ടെൻഡർ ചെയ്ത് നടപ്പിൽ വരുത്തുന്നതും കോർപ്പറേഷൻ വഴി നടത്തുന്നതും തമ്മിലുള്ള വ്യത്യാസങ്ങളും സാമ്പത്തിക പ്രയോജന വിശകലനങ്ങളും | (സി) പൊതുമരാമത്ത് വകുപ്പിലെ ദർഘാസ് നടപടിക്രമങ്ങൾ അനുസരിച്ച് ഏറ്റവും താഴ്ന്ന നിരക്ക് രേഖപ്പെടുത്തുന്ന കരാറിൽ നിന്നും 10% അധികതുകയ്ക്ക് കൺസ്ട്രക്ഷൻ |

അധിക ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

കോർപ്പറേഷനെ പ്രവൃത്തികൾ ഏല്പിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അർദ്ധ സർക്കാർ സ്ഥാപനമായതുകൊണ്ട് ലാഭ നഷ്ടം കണക്കിലെടുക്കാറില്ല.

(ഡി) ഈ സർക്കാർ ഇതിനകം കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപിച്ച നിർമ്മാണ പ്രവൃത്തികൾ റീജിയനുകൾ തിരിച്ച് വെളിപ്പെടുത്താമോ ; അവ ഓരോന്നി ന്റെയും ടെണ്ടർ എക്സസ് എത്ര ശതമാനമാണെന്നും പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതികളും, പ്രവൃത്തി എത്ര ശതമാനം പിന്നിട്ടിട്ടുണ്ടെന്നുമുള്ള ലഭ്യമായ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

(ഡി) ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**